NIGHT-SOIL DEPOT AT KALOOR

373. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) എറണാകുളം മുനിസിപ്പാലിറ്റിയിൽനിന്നും കലൂരിൽ മലം നിക്ഷേപിക്കുന്നിടം അവിടെനിന്നും മാറ്റുന്നതിന്റെ കാര്യം ആലോചിക്കുന്നതിനു നിയുക്തമായ കമ്മിറ്റി അവരുടെ റിപ്പോർട്ട് ഗവൺമെണ്ടിലേക്ക് സമർപ്പിക്കുകയുണ്ടായോ;

(ബി) ഉണ്ടായെങ്കിൽ എന്നു;

(സി) മലം നിക്ഷേപിക്കുന്നിടം കലൂരിൽനിന്നും മാറ്റണമെന്നായി കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആ നിർദ്ദേശം സ്വീകാര്യമെന്നു ഗവൺമെണ്ടിനു ബോദ്ധ്യപ്പെട്ടുകയുണ്ടായോ;

(ഇ) ഗവൺമെണ്ട് ഇക്കാര്യത്തിൽ എന്തു നടപടിയാണു കൈക്കൊണ്ടിട്ടുള്ളതു;

(എഫ്) കലൂരും പരിസരങ്ങളിലുമുള്ളവർ ഈ മലം നിക്ഷേപിക്കുന്നിടം അവിടെനിന്നും മാറ്റണമെന്നായി ഗവൺമെണ്ടിനോട് അപേക്ഷിച്ചു തുടങ്ങിയിട്ട് എത്ര കൊല്ലമായി?

റാവുസാഹിബ് കെ. അയ്യപ്പൻ:

(എ) ഉവ്വ്.

(ബി) ഫൻ ര ൈമാച്ച് ഫ ാംന.

(സി) ഉണ്ട്.

(ഡി) ഉവ്വ്.

(ഇ) കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനെപ്പറ്റി ഗവൺമെണ്ട് ആലോചിച്ചുവരികയാണ്.

(എഫ്) ആദ്യം അപേക്ഷിച്ചതു ഫ ാ ാ-ൽ ആണ്.

TROUBLES AT ANTHIKAD

374. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട ദയവായി മറുപടി പറയുമോ.—

(എ) നിലവിലുള്ള അന്തിക്കാട്ട ചെത്തുതൊഴിലാളി കഴുപ്പം ആരംഭിച്ചുതെന്നു;

(ബി) കഴുപ്പത്തിനു പരിഹാരം കാണുവാനായി ഗവൺമെണ്ട് എന്താണ് ചെയ്തതു?

റാവുസാഹിബ് എ. മാധവപ്രഭ:

(എ) & (ബി) ഈ കഴുപ്പത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ ഒരു പ്രസ്താവം മേശപ്പുറത്തു വെച്ചിട്ടുണ്ട്.

DEPUTATION TO MINISTER FOR FOOD AND EDUCATION

375. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ. താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട സദയം മറുപടി പറയുമോ.—

(എ) കൊച്ചിയിലെ വിദ്യാർത്ഥികൾക്ക വെളിയിലുള്ള പല മെഡിക്കൽ ആൻറ് എഞ്ചിനീയറിംഗ് കോളേജുകളിൽ സീറ്റ റിസർവു ചെയ്യുന്നതിനു വേണ്ടി വിദ്യാഭ്യാസമന്ത്രി നേരിട്ട പോയി നിവേദനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടത്തിയ നിവേദനങ്ങൾ വല്ലതും ഫലപ്രദമായോ;

(സി) അദ്ദേഹം നേരിട്ട നടത്തിയ നിവേദനമനുസരിച്ചു കൊച്ചിക്ക് എത്ര സീറ്റുകൾ ഈ കൊല്ലത്തിൽ കൂടുതൽ കിട്ടിയിട്ടുണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്.

(ബി) ഉവ്വ്.

(സി) മന്ത്രി അവർകൾ താഴെ വിവരിക്കുന്ന കോളേജധികൃതന്മാരോട നേരിട്ട നിവേദനങ്ങൾ നടത്തി. തൽഫലമായി കിട്ടിയ മറുപടികളുടെ വിവരവും ഉത്തരത്തിൽ ഇന്നെ ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly